പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3745

15.12.2014-ൽ
മറുപടിയ്ക്ക്

## എക്സൈസ് സേനയുടെ സേവനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ് :<br>ശ്രീ.അൻവർ സാദത്ത് :<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ.പി.സി.വിഷ്ണുനാഥ് : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എക്സൈസ് സേനയ്ക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിൽ നിലവിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെ 90 പ്രവൃത്തി ദിവസം നീണ്ടുനിൽക്കുന്ന പ്രാഥമിക പരിശീലനവും, എക്സൈസ് ഡ്രൈവർമാരുടെ 3 മാസത്തെ പരിശീലനവും, വനിത സിവിൽ എക്സൈസ് ഓഫീസർമാർക്ക് 90 ദിവസത്തെ പരിശീലനവും നടത്തിവരുന്നു. കൂടാതെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികകളിലുള്ളവർക്ക് വിവിധ വിഷയങ്ങളിൽ 5 ദിവസം വീതം ദൈർഘ്യമുള്ള ഇൻസർവ്വീസ് പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹകരണത്തോടെ നടത്തിവരുന്നു. ആയുധ പരിശീലനം നടത്തുന്നതിന് സൗകര്യം ഇല്ലാത്തതിനാൽ എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ (നേരിട്ട് നിയമിക്കപ്പെടുന്നവർ) |

തസ്തികയിലുള്ളവരുടെ പ്രാഥമിക പരിശീലനം നടത്തിവരുന്നത് നിലവിൽ കേരള പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും വച്ചാണ്. ഇവരുടെ പരിശീലനവും കൂടി എക്സൈസ് അക്കാദമിയിൽ വച്ച് നടത്തുന്നതിന് വേണ്ടി എക്സൈസ് അക്കാദമിയിൽ ഒരു ആയുധപുര 2014-15 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനം നടത്തുന്ന എക്സൈസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനായി 30 പേരടങ്ങുന്ന 9 ബാച്ചുകളിലായി 270 എക്സൈസ് ഉദ്യോഗസ്ഥർക്ക് 3 ദിവസം വീതമുള്ള പരിശീലനം ഈ വർഷം നടത്തിയിട്ടുണ്ട്. കൂടാതെ 2003-ലെ സിഗരറ്റ് & അതർ ടുബാക്കോ പ്രോഡക്ടസ് ആക്ട് അനുസരിച്ച് കേസുകൾ എടുക്കുന്നത് സംബന്ധിച്ച് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലുള്ള 45 പേർക്ക് എക്സൈസ് അക്കാദമിയിൽ വെച്ച് 15.12.2014-ന് ഒരു പരിശീലന പരിപാടി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2013-2014 വർഷം കർണ്ണാടക സംസ്ഥാനത്തെ സബ് ഇൻസ്പെക്ടർ ഓഫ് എക്സൈസ് മുതൽ സൂപ്രണ്ട് ഓഫ് എക്സൈസ് തസ്തികയിലുള്ളവർക്ക് എൻ.ഡി.പി.എസ്/ എം.ആന്റ് ടി.പി. കേസുകൾ കണ്ടെത്തി

| | | | |
|---|---|---|---|
| | | | കുറ്റപത്രം സമർപ്പിക്കുന്ന വിഷയത്തിൽ 4 ദിവസം വീതം ദൈർഘ്യമുള്ള പരിശീലന പരിപാടി നടത്തിയിട്ടുള്ളതാണ്. ആകെ 12 ബാച്ചുകളിലായി 240 പേർക്ക് ഇപ്രകാരം പരിശീലനം നൽകിയിട്ടുണ്ട്. |
| (ബി) | നിലവിലുള്ള എക്സൈസ് നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ഇൻസർവ്വീസ് പരിശീലനം നൽകുന്നുണ്ടോ; | (ബി) | ഇൻസർവ്വീസ് പരിശീലനം നൽകുന്നുണ്ട്. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലുള്ളവർക്ക് വിവിധ വിഷയങ്ങളിൽ 5 ദിവസം വീതം ദൈർഘ്യമുള്ള ഇൻസർവ്വീസ് പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹകരണത്തോടെ നടത്തിവരുന്നു. |
| (സി) | എക്സൈസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | എക്സൈസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ നിരീക്ഷിക്കുന്നതു കൂടാതെ പോലീസ് സേനയിലെ എസ്.പി.റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് വിഭാഗവും, ഓഫീസ് സംബന്ധമായ കാര്യങ്ങൾ പരിശോധിക്കുവാൻ എക്സൈസിലെ ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു ഇന്റേണൽ ആഡിറ്റ് വിഭാഗവും എക്സൈസ് വകുപ്പിൽ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ഡി) | എക്സൈസ് സേനയുടെ കൃത്യനിർവ്വഹണം നിരീക്ഷിക്കുവാൻ ഉന്നതതല സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | എക്സൈസ് സേനയുടെ കൃത്യനിർവ്വഹണം നിരീക്ഷിക്കുവാൻ പോലീസ് സേനയിലെ എസ്.പി.റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ എക്സൈസ് വിജിലൻസ് വിഭാഗത്തെയും, എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിക്കുവാൻ |

പോലീസ് സേനയിലെ എസ്.പി റാങ്കിലുള്ള ഉദ്യോഗസ്ഥനെ അഡീഷണൽ എക്സൈസ് കമ്മീഷണറായും നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ